
# ടെക് ടോക്കീസ്

ഡിജിറ്റൽ സ്കൂൾ മാഗസിൻ

Govt. Technical High School Sulthanbathery



ഗവ: ടെക്നിക്കൽ ഹൈസ്ക്കൂൾ സുൽത്താൻബത്തേരി

ലിറ്റിൽ കൈറ്റ്സ് വയനാട് ജില്ല



# ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ

## സുൽത്താൻബത്തേരി, മൈസൂർ റോഡ്, വയനാട്

### എഞ്ചിനീയറിംഗ് ട്രേഡുകൾ

- ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്
- ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്
- മെയ്ന്റനൻസ് ഓഫ് 2 & 3 വീലർ
- വെൽഡിംഗ്
- ഫിറ്റിംഗ്

### എൻ.എസ്.ക്യൂഎഫ് ട്രേഡുകൾ

- സോളാർ എനെർജി
- മൊബൈൽ കമ്യൂണിക്കേഷൻ
- ഇലക്ട്രിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ്
- ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ്
- ഓട്ടോമൊബൈൽ

### ഞങ്ങളുടെ സവിശേഷതകൾ

- ഇംഗ്ലീഷ് പഠന മാധ്യമം
- 30 വർഷങ്ങളായി 100% വിജയം
- കായിക കലാ രംഗങ്ങളിൽ സംസ്ഥാന മികവ്
- പാഠ്യേതര പ്രവർത്തങ്ങൾ
- ജൈവകൃഷി പരിശീലനം
- ലഹരിവിരുദ്ധ ക്ലബ്ബ്
- ആഗ്രോ ക്ലബ്ബ്
- പെൺ കുട്ടികൾക്ക് കരാത്തെ പരിശീലനം
- ലിറ്റിൽ കൈറ്റ്സ് (ഐ.റ്റി ക്ലബ്ബ്)
- "ശ്രദ്ധ "നവപ്രഭ", "സ്കോളർ സപ്പോർട്ട്"
- പോളിടെക്നിക് ഡിപ്ലോമ കോഴ്സുകളിൽ 20% പ്രവേശന സംവരണം
- എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം, സൗജന്യ യൂണിഫോം, സ്കോളർഷിപ്പ്
- ഭാഷാ പ്രാവീണ്യ പരിശീലനം.




വിശദവിവരങ്ങൾക്ക്

സൂപ്രണ്ട്, ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ സുൽത്താൻ ബത്തേരി,
മൈസൂർ റോഡ്, വയനാട്. ഫോൺ : 04936 220147, 9400006499

# ടെക് ടോക്കീസിന് പിന്നിൽ....

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | പത്മ എൻ *(പ്രധാന അദ്ധ്യാപിക)* |
| സ്റ്റാഫ് എഡിറ്റർ | : | ശ്രീകുമാർ വി *(ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ)* |
| സ്റ്റുഡന്റ് എഡിറ്റർ | : | മെബിൻ സാമു |

പത്രാധിപ സമിതി അംഗങ്ങൾ

*അദ്ധ്യാപക പ്രതിനിധികൾ*

- ബിജി വർഗ്ഗീസ്
  *(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)*
- സൂസൻ ചാക്കോ സി
  *(എസ്.ആർ.ജി കൺവീനർ*
- ബിന്ദു പി. ജി.
  *(എച്ച്.എസ്.എ ഇംഗ്ലീഷ്)*
- രാമകൃഷ്ണൻ സി
  *(എസ്.ഐ.റ്റി.സി)*
- കുട്ടികൃഷ്ണൻ സി. വി.
  *(ജോ. എസ്.ഐ.റ്റി.സി)*

*വിദ്യാർത്ഥി പ്രതിനിധികൾ*

- ദക്ഷിൺ എസ് നായർ
- അലക്സ് ജി ബിനോ
- ശ്രീലേഷ് എ
- നോയൽ കുര്യാക്കോസ്
- എബിൻ വർഗ്ഗീസ്



# ആശംസ

വയനാട് ജില്ലയിലെ പ്രഥമ ടെക്നിക്കൽ ഹൈസ്ക്കൂൾ മലബാർ മേഖലയിലെ തന്നെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഏറ്റവും ഉന്നത നിലവാരത്തിൽ ഉള്ള ഒരു സ്ക്കൂൾ ആണ്. ബത്തേരി മുൻസിപ്പാലിറ്റിയുടെ കീഴിൽ ഉള്ള ഈ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന് 36 വർഷത്തെ പാരമ്പര്യവും, അക്കാദമിക, കലാ-കായിക രംഗത്തും മികവ് പുലർത്തിവരുന്നു. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർ രംഗത്ത് മികവ് തെളിയിക്കുന്ന ഈ സ്ക്കൂളിന്റെ ഡിജിറ്റൽ മാഗസീനായ ടെക് ടോക്കിക്ക് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ടി. എൽ സാബു
ചെയർമാൻ
സുൽത്താൻബത്തേരി മുൻസിപ്പാലിറ്റി



# ഞങ്ങളുടെ സ്ക്കൂളിനെക്കുറിച്ച്...

പ്രകൃതിയുടെ എല്ലാ അനുഗ്രഹങ്ങളും കനിയുന്ന വയനാട് ജില്ലയുടെ ആദ്യത്തെ ടെക്നിക്കൽ സ്ക്കൂൾ ആയ ഈ സ്ഥാപനം കഴിഞ്ഞ 36 വർഷം കലാകായിക അക്കാദമിക രംഗത്ത് വളരെ മുൻപന്തിയിൽ നിൽക്കുന്നു. വിവിധ ക്ലാസ്സുകളിലായി ഇംഗ്ലീഷ് പഠന മാധ്യമത്തിൽ മുന്നോറോളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലെന്നപോലെ മറ്റ് വിഷയങ്ങളും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തൊഴിലധിഷ്ഠിത കോഴ്സുകളും വിദ്യാർത്ഥികൾ സ്വായത്വമാക്കുന്നു. ഇവയെക്കൂടാതെ എൻ.എസ്.ക്യു.എഫ് ന്റെ നേതൃത്വത്തിൽ അധിക കോഴ്സുകളും പഠിക്കുന്നു. സാധാരണ സ്ക്കൂളുകളെക്കാളുപരി സാങ്കേതിക പരിശീലനം നേടുന്ന ഇവിടെനിന്നും പാസ്സായി ഇറങ്ങുന്ന വിദ്യാർത്ഥികൾക്ക് പോളിടെക്നിക്ക് പഠനത്തിനായി ഇരുപത് ശതമാനം സീറ്റും സവരണം ചെയ്തിരിക്കുന്നു. ഇവിടെ നിന്നും മികച്ച രീതിയിൽ പഠനം പൂർത്തിയായ വിദ്യാർത്ഥികൾ കേന്ദ്ര–സംസ്ഥാന വകുപ്പുകളിൽ ജോലി ചെയ്തുവരുന്നു. ഇവയെക്കൂടാതെ ജൈവകൃഷി പരിശീനം, ലഹരി വിരുദ്ധ ക്ലബ്ബ്, അഗ്രോക്ലബ്ബ് തുടങ്ങിയ പഠനേതര പ്രവർത്തനങ്ങളും വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിവരുന്നു. ഈ സ്ക്കൂളിലെ എടുത്തുപറയേണ്ട പ്രവർത്തനം കാഴ്ച വയ്ക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഡിജിറ്റൽ മാഗസീനായ ടെക് ടോക്കിക്ക് എന്റെ എല്ലാവിധ ഭാവുകളും നേരുന്നതോടൊപ്പം ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ശ്രീ.വി. ശ്രീകുമാറിനും, ലിറ്റിൽ കൈറ്റ് മിസ്ട്രസ് ശ്രീമതി ബിജി വർഗ്ഗീസിനും എന്റെ ആശംസ അറിയിച്ചുകൊള്ളുന്നു.

പത്മ .എൻ
സൂപ്രണ്ട് (പ്രധമാധ്യാപിക)

# എഡിറ്റോറിയൽ

സർഗ്ഗാത്മകതയുടെ പുതിയ
മേച്ചിൽപ്പുറങ്ങൾ തേടാൻ കാലത്തിൽ
തങ്ങളുടെ കൈയ്യൊപ്പ് ചാർത്താൻ കമ്പ്യൂട്ടർ
സാങ്കേതിക വിദ്യയെ
സാധാരണക്കാരിലേയ്ക്കെത്തിക്കാൻ
വിദ്യാർത്ഥികളിലൂടെ കഴിയൂ എന്ന് കണ്ടെത്തി
ഈ ഒരു അവസരം ഒരുക്കിത്തന്ന ലിറ്റിൽ
കൈറ്റ്സ് കുടുംബത്തിലെ എല്ലാ നല്ലവരായ
ഉദ്യോഗസ്ഥർക്കും, ലിറ്റിൽ കൈറ്റ്സ്
വയനാടിന്റെ സ്നേഹ സമ്പന്നരായ കോ-
ഓർഡിനേറ്റർമാർക്കും കൈറ്റ് മാസ്റ്റർ
ട്രൈനർമാർക്കും, പ്രചോദനം നൽകിയ
അദ്ധ്യാപക സുഹൃത്തുക്കൾക്കും സവിനയം
ടെക് ടോക്കീസ് സമർപ്പിച്ചുകൊള്ളുന്നു.

സ്റ്റാഫ് എഡിറ്റർ

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | കവിത | സാക്ഷി | 6 |
| 2. | നോവൽ | മരവിരൽ | 7 |
| 3 | കവിത | കാശ്, ഹർത്താൽ | 15 |
| 4 | ലേഖനം | Discipline | 16 |
| 5 | ചിത്രരചന | | 17 |
| 6 | കവിത | ജീവിതം, വിജയം | 18 |
| 7 | ചിത്രരചന | പ്രളയം | 19 |
| 8 | ലേഖനം | ലഹരി ആപത്ത് | 20 |
| 9 | ചിത്രരചന | | 21 |
| 10 | ചിത്രരചന | | 22 |
| 11 | ചിത്രരചന | | 23 |
| 12 | കവിത | Friendship | 24 |
| 13 | ലേഖനം | Relationship between man and nature | 25 |
| 14 | ഫോട്ടോ | ആർട്ട്സ് | 26 |
| 15 | ഫോട്ടോ | സ്പോർട്ട്സ്, പ്രളയാനന്തരം | 27 |
| 16 | ഫോട്ടോ | കരുതൽ, ഹരിതവിപ്ലവം, കൈറ്റ് കുടുംബം | 28 |

കവിത

## സാക്ഷി

കാലമൊരു സാക്ഷിയാണ്...
അധീശത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ
അവർണ്ണന്റെ, പുറം പൂച്ചുകളുടെ
നന്മയുടെ... അങ്ങനെയങ്ങനെ...
എത്രയെത്ര ചരിത്രങ്ങൾക്ക് നീ സാക്ഷി പറഞ്ഞു
മറഞ്ഞ കാലങ്ങളിൽ നീയാരെയാണ് സഹായിച്ചത്?
ഭരണവർഗ്ഗത്തെയൊ, മേലാളനേയോ, കീഴാളനേയോ?
എങ്കിലും നിനക്കതിൻ പരിതാപങ്ങളില്ലയോ?
പരാതികളധികം കേട്ടതല്ലേ നീ...
എന്നിട്ടും സാക്ഷിയായി വാദിക്കായ്
കോടതികളിപ്പോഴും കയറിയിറങ്ങുകയാണല്ലേ?
പ്രളയകാത്തിനും നീ സാക്ഷിയായ്
കനിവിന്നുറവയെ തെളിനീരലയായി മാറ്റിയ കാലമേ...
നീ സാക്ഷിയാവണം
വരും തലമുറയുടെ കോടതിയിൽ
നീയുണ്ടായിരുന്നെന്നറിയിക്കുവാൻ മാത്രം...

**സുജേഷ് കെ. എസ്**
എച്ച്. എസ്. എ മലയാളം

നോവൽ

# മരവിരൽ

'ഭഗവാനേ..., ഈ യുദ്ധം എന്നവസാനിക്കും?' പുറത്ത് കത്തുന്ന വിറകുകൂനയുടെ ആളുന്ന പ്രകാശം അരിച്ച് കയറിയ കൂടാരത്തിനുള്ളിൽ നനുത്ത മണ്ണിലിരുന്ന് അർജ്ജുനൻ ആകുലപ്പെട്ടു.

കൃഷ്ണൻ അർജ്ജുനനെ നോക്കി. ആ മുഖം ആലോചനാഭാരത്താൽ താഴ്ന്നിരിക്കുകയായിരുന്നു.

'ഞാൻ പറഞ്ഞതൊന്നും താങ്കൾക്ക് ഓർമ്മയില്ലേ പാർത്ഥാ?' കൃഷ്ണൻ ഗൗരവത്തിൽ ചോദിച്ചു.

'ഉണ്ട്. എങ്കിലും...' തറയിലിരുന്ന തന്റെ ആവനാഴിയിലേക്ക് ഉറ്റുനോക്കിക്കൊണ്ട് അർജ്ജുനൻ തുടർന്നു, 'നാളെ ഞാൻ എതിരിടാൻ പോകുന്നത് എന്റെ ഗുരുവിനോടാണ്.' അർജ്ജുനൻ ആശങ്കയോടെ കൃഷ്ണനെ നോക്കി.

കൃഷ്ണൻ മുഖം തിരിച്ച് കൂടാരത്തിന് പുറത്ത് കാറ്റത്താളുന്ന തീയിലേക്ക് നോക്കി ഭാവവ്യത്യാസമില്ലാതെ പറഞ്ഞു, 'നാളത്തെ യുദ്ധത്തിൽ നീയാണ് ജയിക്കുന്നതെങ്കിൽപ്പോലും അന്തിമ വിജയം നിന്റെ ഗുരുവിന്റേതും കൂടിയാണ്. നീ വ്യതിചലിക്കുത്. ഇത് നമ്മുടെ ധർമ്മം സ്ഥാപിക്കുവാനുള്ള യുദ്ധമാണ്.'

അടുത്ത ദിവസം ഇരുമ്പുകൾ കൂട്ടിമുട്ടുന്ന ശബ്ദത്തോടെ കുരുക്ഷേത്രഭൂവിൽ ചുവന്ന പൊടി ആകാശത്തോളം ഉയർന്ന് പാറി. ശരവേഗത്തിൽ രഥത്തിൽ പാഞ്ഞു പോകുമ്പോൾ, കൃഷ്ണന്റെ പുറകിൽ നിന്ന്, ചുവന്ന ധൂളിമേഘങ്ങൾക്കിടയിലൂടെ, ദൂരെ തന്റെ ശിഷ്യനെയും കാത്ത് രഥത്തിൽ നിൽക്കുന്ന ദ്രോണാചാര്യരുടെ മുഖം അർജ്ജുനൻ കണ്ടു. അവർക്കിരുവർക്കുമിടയിൽ പരസ്പരം പോരാടുന്ന മനുഷ്യക്കടൽ തിരയടിച്ചു. അവിടെ ഓരോ നിമിഷവും ചിന്നിച്ചിതറുന്ന മനുഷ്യായുസ്സുകൾ പോലെ, വെളിച്ചത്തെ ചിതറിത്തെറിപ്പിച്ച പൊടിപടലം അർജ്ജുനനും ദ്രോണർക്കും ഒരേ സമയം ശത്രുവിനെ കാഴ്ചയിൽ നിന്ന് മറയ്ക്കുന്ന തടസ്സവും, തങ്ങളെ ശത്രുവിൽ നിന്ന് മറയ്ക്കുന്ന രക്ഷിതാവും ആയി.

അർജ്ജുനന്റെ രഥം നിന്നു. പഞ്ചേന്ദ്രിയങ്ങളും അർജ്ജുനൻ ഏകാഗ്രമാക്കി. രഥത്തിലെ അഞ്ചു കുതിരകളും നിശ്ചലരായി. ആയിരം ഗജങ്ങൾക്കപ്പുറം അർജ്ജുനൻ ഇപ്പോൾ കാണുന്നത്, പണ്ട് ഗുരു പഠിപ്പിച്ചത് പോലെ, ദ്രോണരുടെ കണ്ണുകൾ മാത്രം. രണ്ടു പേരും പരസ്പരം കണ്ണുകളിൽ നോക്കിക്കൊണ്ട് തങ്ങളുടെ വില്ലുയർത്തി, ആവനാഴിയിൽ നിന്നമ്പെടുത്ത്, ഞാൺ വലിച്ച് ഉന്നം പിടിച്ച് നിന്നു. ഇരുവർക്കുമിടയിൽ ഗജങ്ങൾ അകലമുണ്ടെങ്കിലും രണ്ടു പേർക്കും അവർ തൊട്ടു മുന്നില്ലാണെന്ന് തോന്നി. പൊടിപടലത്തിനിടയിലൂടെ ശത്രുവിന്റെ രണ്ടു കണ്ണുകൾ തെളിയുകയും മറയുകയും ചെയ്തുകൊണ്ടിരുന്നു. കുരുക്ഷേത്രത്തിൽ ഇപ്പോൾ അവർ മാത്രമാണുള്ളത്. ഒരു കൈയ്യകലത്തിൽ പരസ്പരം ഉന്നം വെച്ച്, ഗുരുവും ശിഷ്യനും.

പെട്ടെന്നാണത് സംഭവിച്ചത്. രണ്ടു പേരുടെയും അസ്ത്രങ്ങൾ തട്ടിത്തെറിപ്പിച്ചുകൊണ്ട്, വില്ലിനും ഞാണിനും ഇടയിലൂടെ, ഓരോ അമ്പുകൾ അവരുടെ കണ്ണുകൾക്ക് മുന്നിലൂടെ പാഞ്ഞ് രഥത്തിന്റെ തൂണിൽ തറച്ച് നിന്നു. ആ രണ്ടമ്പുകളുടെയും വാലറ്റത്തെ തൂവലുകൾ അർജ്ജുനന്റെയും ദ്രോണരുടെയും കാഴ്ച മറച്ച്, ഒരു മൂളലോടെ, വിറച്ച് നിന്നു.

അർജ്ജുനനും ദ്രോണരും കൃഷ്ണനും ഞെട്ടിത്തിരിഞ്ഞ് ആ അമ്പുകൾ വന്ന ഭാഗത്തേക്ക് നോക്കി. ദൂരെ, യുദ്ധക്കളത്തിന്റെ ഒരു വശത്തെ മധ്യഭാഗത്ത് നിൽക്കുന്ന ആ നിഴൽരൂപത്തിന്റെ മുഖം പതുക്കെ പൊടിപടലത്തിന്റെ മറ നീക്കി വെളിച്ചത്ത് വന്നു. ഒരു യുദ്ധവീരന്റെ ആയുധക്കോപ്പുകളോ പടച്ചട്ടകളോ ആ ശരീരത്തിലില്ലായിരുന്നു. കാട്ടുവള്ളികളും പച്ചിലകളും പൊതിഞ്ഞ, കറുത്ത് ശോഷിച്ച ശരീരം. ആ മുഖം കണ്ട് അർജ്ജുനനും കൃഷ്ണനും പകച്ച് നിന്നു. നടുക്കം മാറാത്ത ദ്രോണരുടെ കണ്ണുകൾ ഉടക്കിയത് രണ്ടമ്പുകൾ ചേർത്തു പിടിച്ച്, ഞാൺ വലിച്ച് നിൽക്കുന്ന ആ വലതുകൈയ്യിലായിരുന്നു.

കൃഷ്ണൻ സ്വബോധം വീണ്ടെടുത്ത് അർജ്ജുനനെ നോക്കിയിട്ട് പെട്ടെന്ന് അർജ്ജുനന്റെ കൈ പിടിച്ച് വലിച്ച് രഥത്തിൽ നിന്നും ചാടിയിറങ്ങി തൊട്ടടുത്തുള്ള തകർന്ന ഒരു രഥത്തിനരികിൽ മറപറ്റിയിരുന്നു. ദ്രോണർ തന്റെ രഥത്തിൽ നിന്ന് ചാടിയിറങ്ങി കൂട്ടിയിട്ടിരിക്കുന്ന മനുഷ്യശരീരങ്ങൾക്ക് പിന്നിൽ മറപറ്റിയിരുന്നു.

അർജ്ജുനൻ കൃഷ്ണന്റെ മുഖത്തേക്ക് ആശങ്കയോടെ നോക്കി. കൃഷ്ണൻ എന്തോ ഓർത്തെടുക്കാനെന്നപോലെ ആലോചിക്കുകയായിരുന്നു.

'ഭഗവാനേ, ഇവൻ!!' അർജ്ജുനൻ സംശയത്തോടെ കൃഷ്ണനോട് ചോദിച്ചു.

'രുക്മിണിയുമായി പലായനം ചെയ്യുന്ന വഴിയിൽ ഞാനിവനെ വധിച്ചതാണല്ലോ! പിന്നെയിവനെങ്ങനെ തിരിച്ചു വന്നു?!' കൃഷ്ണന്റെ മുഖത്ത് ചെറിയൊരു ഭീതി നിഴലിച്ചു.

'ഹേ ഹരി നാരായണാ!!' അർജ്ജുനൻ വീര്യമാർജ്ജിച്ച് തുടർന്നു, 'ഈ നിഷാദനെ കണ്ട് അങ്ങ് ഭയക്കുന്നുവോ? കർണ്ണനെക്കാളും വീരനല്ലല്ലോ ഇവൻ.' അർജ്ജുനൻ എഴുന്നേറ്റ് ആവനാഴിയിൽ നിന്നമ്പെടുത്തു.

'അരുത്...' കൃഷ്ണൻ പെട്ടെന്ന് അർജ്ജുനനെ പിടിച്ച് തറയിലിരുത്തി.

'എന്തുപറ്റി ഭഗവാനെ?' അർജ്ജുനൻ ചെറുതായി അരിശം കൊണ്ടു.

'എന്തൊക്കെപ്പറഞ്ഞാലും കർണ്ണൻ നിന്റെ രക്തമാണ്. പക്ഷെ ആ നിൽക്കുന്നവൻ. അവനങ്ങനെയല്ല. അതിനാൽ നമ്മൾ കൂടുതൽ സൂക്ഷിക്കണം. അവൻ ചിലപ്പോൾ ഒറ്റക്കായിരിക്കില്ല.' കൃഷ്ണൻ ഒന്നാലോചിച്ചിട്ട് തുടർന്നു. 'ഇവിടിരിക്കൂ. അനങ്ങരുത്. ഞാൻ ഉടനെ വരാം.' കൃഷ്ണൻ അർജ്ജുനന്റെ കൈയ്യിലെ വില്ല് പിടിച്ചു താഴ്ത്തിയിട്ട് തോളത്ത് തട്ടി എഴുന്നേറ്റ് രഥത്തിലേക്ക് ഓടിക്കയറി.

അർജ്ജുനൻ സംശയത്തോടെ നോക്കി നിൽക്കവെ കൃഷ്ണൻ രഥം തെളിച്ച് പൊടിപടലത്തിനുള്ളിലേക്ക് മറഞ്ഞു. അർജ്ജുനൻ പതുക്കെ പുറകിലേക്ക് എത്തി നോക്കി. ആ നിഴൽരൂപം തന്റെ നേർക്ക് നോക്കുകയാണെന്ന് അർജ്ജുനന് മനസ്സിലായി.

ജഡങ്ങളുടെ കൂമ്പാരത്തിനു പിന്നിൽ മറഞ്ഞിരുന്ന ദ്രോണർ ആശങ്കയാൽ വിയർക്കുകയായിരുന്നു. ദൂരെ നിന്നും കൃഷ്ണന്റെ രഥം തന്റെ നേർക്ക് വരുന്നത് ദ്രോണർ കണ്ടു. കുറച്ചകലെ രഥം നിർത്തിയിട്ട് കൃഷ്ണൻ വേഗത്തിൽ ഇറങ്ങി, പോരാടുന്ന പടയാളികൾക്കിടയിലൂടെ മറപറ്റി കുനിഞ്ഞ് ദ്രോണരുടെ അടുക്കലേക്കോടി.

'ആചാര്യാ..' കൃഷ്ണൻ ദ്രോണരുടെ അടുക്കൽ വന്ന് മറപറ്റിയിരുന്നിട്ട് അദ്ദേഹത്തെ നമസ്കരിച്ചു.

'അങ്ങെന്തിനാണ് ഇവിടെ വന്നത്?' ദ്രോണർ ആശ്ചര്യത്തോടെ നമസ്കരിച്ചുകൊണ്ട് ചോദിച്ചു.

'നമുക്കീ യുദ്ധം നിർത്തണം.' കൃഷ്ണൻ പറഞ്ഞു.

'എന്ത്? മഹാഭാരതയുദ്ധം നിർത്തിവെക്കാനോ?' ദ്രോണരുടെ ആശ്ചര്യം വർദ്ധിച്ചു.

'അതെ.' കൃഷ്ണൻ ദ്രോണരുടെ കൈയിൽ പിടിച്ചു. 'നമ്മുടെ പൊതുവായ ഒരു ശത്രു നമ്മെ കാത്തുനിൽക്കുന്നു.' ദ്രോണർ ചിന്താമഗ്നനായി. കൃഷ്ണൻ തുടർന്നു. 'അങ്ങെല്ലാവർക്കും ഉടനെ നിർദ്ദേശം നൽകു.' കൃഷ്ണൻ ദ്രോണരുടെ കൈ പിടിച്ച് കുലുക്കിയിട്ട് വന്നത് പോലെ കുനിഞ്ഞ് മറപറ്റി തിരികേ പോയി രഥത്തിൽ കയറി. പൊടിപടലത്തിലേക്ക് മറഞ്ഞുപോകുന്ന രഥത്തെ നോക്കിയിട്ട് ദ്രോണർ തന്റെ പുതിയ എതിരാളി നിൽക്കുന്ന ഭാഗത്തേക്ക് മറഞ്ഞിരുന്ന് നോക്കി. അവനവിടെത്തന്നെയുണ്ട്.

ഘോരയുദ്ധം നടക്കുകയായിരുന്ന യുദ്ധക്കളത്തിൽ രണ്ടു പോരാളികളുടെ വാൾമുനകൾ കൂട്ടിമുട്ടി. ബലമേറിയ ഒരുവൻ മറ്റവനെ തള്ളിത്താഴെയിട്ട് അവന്റെ നെഞ്ചിലേക്ക് തന്റെ വാൾമുന കുത്തിയിറക്കാൻ പോവുകയായിരുന്നു.

'നിൽക്കൂ.... യുദ്ധം നിർത്തൂ...' പെട്ടെന്ന് ഒരു ദൂതൻ അലറി വിളിച്ചുകൊണ്ട് ഓടി വന്നു. അവിടെ പോരാടുകയായിരുന്ന പടയാളികൾ പെട്ടെന്ന് നിശ്ചലരായി. എല്ലാവരും തിരിഞ്ഞ് ദൂതനെ നോക്കി. പെട്ടെന്ന് ദൂതന്റെ വലതു കൈയ്യിൽ ഒരമ്പ് വന്നു തറച്ചു. 'ആ....ഹ്.' അയാളവിടെ മുട്ടുകുത്തിയിരുന്നു. വേദനയിൽ പുളഞ്ഞുകൊണ്ടയാൾ തുടർന്നു. 'ഇരുകൂട്ടരും യുദ്ധം നിർത്തുവാൻ കൽപ്പനയുണ്ട്.' ദൂതൻ അവിടെയിരുന്നു.

പടയാളികൾ പരസ്പരം ആശ്ചര്യത്തോടെ നോക്കി. പരസ്പരം പോരടിച്ച് തളർന്ന അവർ ആശ്വാസത്തോടെ തറയിലിരുന്നു. കൂട്ടാളികളാണോ എതിരാളികളാണോ എന്ന് നോക്കാതെ അവർ പരസ്പരം ദേഹത്ത് തല വെച്ച് തളർന്ന് കിടന്നു. കുരുക്ഷേത്രം നിശ്ചലവും നിശബ്ദവുമായി.

തകർന്ന രഥത്തിന് പിന്നിൽ ഒളിച്ചിരിക്കുകയായിരുന്ന അർജ്ജുനന്റെ അടുക്കലേക്ക് കൃഷ്ണൻ ഓടി വന്നു.

'വാ..' കൃഷ്ണൻ അർജ്ജുനനെ പിടിച്ച് വലിച്ച് കുനിഞ്ഞ് വേഗത്തിൽ നടന്നു. അർജ്ജുനൻ തന്റെ വില്ലിലെ പിടിമുറുക്കി.

ചുവന്ന പൊടിപടലങ്ങൾക്കിടയിലൂടെ തളർന്നുറങ്ങുന്ന പടയാളികൾക്കും, ചോരയിൽ കുതിർന്ന കബന്ധങ്ങൾക്കും, ആനകൾക്കും കുതിരകൾക്കുമിടയിലൂടെ അർജ്ജുനനും കൃഷ്ണനും കുനിഞ്ഞ് മറപറ്റി തങ്ങളുടെ ശത്രുവിനടുത്തേക്ക് നീങ്ങി. മറുവശത്ത് ദ്രോണരും അതുപോലെ അങ്ങോട്ടേക്ക് പോവുകയായിരുന്നു. പോകുന്ന വഴിയിൽ അവർ വിശ്രമിക്കുന്ന പടയാളികളെ തട്ടിയുണർത്തി ചെവിയിൽ നിർദ്ദേശങ്ങൾ കൊടുത്തു.

പതുങ്ങി നടന്ന് അവർ ആ നിഷാദനിൽ നിന്നും ഏതാനും വാരകളകലെയെത്തി. അവർ ചിതറിക്കിടക്കുന്ന ശവങ്ങളുടെയും രഥാവശിഷ്ടങ്ങളുടെയും മറപറ്റി കുനിഞ്ഞിരുന്നു. അർജ്ജുനനും കൃഷ്ണനും എതിർവശത്ത് ദ്രോണരിരിക്കുന്നത് വ്യക്തമായി കാണാമായിരുന്നു. ദ്രോണർ അവരെയും കണ്ടു. അർജ്ജുനൻ ആവനാഴിയിൽ നിന്നമ്പെടുത്ത് തയ്യാറായിരുന്നു.

'ഹേ ഹരി നാരായണാ.....' അകലെ നിന്നും ഒരുറച്ച ശബ്ദമുയർന്നു. കൃഷ്ണനും അർജ്ജുനനും ദ്രോണരും കാത് കൂർപ്പിച്ചു. 'ഇവിടെയൊരു യുദ്ധത്തിന്റെ പ്രതീതിയില്ലല്ലോ. ഈ നിശബ്ദത താങ്കളുടെ പുതിയ തന്ത്രത്തിന്റെ ഭാഗമാണോ?'

കൃഷ്ണനും അർജ്ജുനനും പരസ്പരം നോക്കി. കൃഷ്ണൻ ഉച്ചത്തിൽ ചോദിച്ചു, 'നിനക്കെന്താണ് വേണ്ടത്?' മറുപടിക്കായി കൃഷ്ണൻ നെറ്റിചുളിച്ച് തല ചെരിച്ച് കാത് കൂർപ്പിച്ചു.

ഒരല്പനേരത്തെ നിശബ്ദതയ്ക്ക് ശേഷം ആ ശബ്ദം തുടർന്നു. 'എനിക്ക് എന്റെ ഗുരുവിനോടൊരു ചോദ്യം ചോദിക്കണം.' കൃഷ്ണനും ദ്രോണരും പരസ്പരം നോക്കി.

ദ്രോണർ മറഞ്ഞിരുന്നുറക്കെ ചോദിച്ചു, 'നിനക്കെന്താണറിയേണ്ടത്?'

'താങ്കളെന്തിനാണെന്നെ ചതിച്ചത്?' ശബ്ദം ചോദിച്ചു.

ദ്രോണർ കൃഷ്ണനെയും അർജ്ജുനനെയും ഒന്നു കൂടെ നോക്കി. അവർ ജാഗ്രതയോടെ എല്ലാം കേട്ടിരിക്കുകയായിരുന്നു.

'നിനക്കതറിയുന്ന കാര്യമല്ലെ?' ദ്രോണർ ചോദിച്ചു.

'എങ്കിലും അത് സത്യമാണെന്ന് വിശ്വസിക്കാൻ, എനിക്കത് താങ്കളുടെ നാവിൽ നിന്നും കേൾക്കണം ഗുരോ.'

ദ്രോണർ ചാഞ്ഞിരുന്ന് ഉറക്കെ പറഞ്ഞു, 'നീ വൈകിപ്പോയി.. ഏകലവ്യാ...'

കാട്ടുവള്ളികളും ഇലകളും ധരിച്ച് അർദ്ധനഗ്നനായി, കൈയ്യിലെ വില്ലിൽ രണ്ടമ്പുകളുമായി ഞാൺ വലിച്ച് ഉന്നം പിടിച്ച് നിന്ന ഏകലവ്യൻ നേരെ കാണുന്ന വിശാലമായ കുരുക്ഷേത്ര ഭൂമിയിലേക്ക് നോക്കി. അന്തരീക്ഷത്തിൽ തങ്ങി നിന്നിരുന്ന ചുവന്ന പൊടിപടലം പതുക്കെ അടങ്ങി മണ്ണിലേക്കമരുകയായിരുന്നു. പൊടിപടലം മാഞ്ഞപ്പോൾ യുദ്ധക്കളത്തിലെ ദൃശ്യം ഏകലവ്യന് വ്യക്തമായി. ലക്ഷക്കണക്കിന് പടയാളികൾ തനിക്ക് നേരെ ആയുധമേന്തി നിൽക്കുന്നു. അവയിൽ കൗരവപ്പടയേത് പാണ്ഡപ്പടയേത് എന്ന് ഏകലവ്യന് മനസ്സിലായില്ല.

കൃഷ്ണൻ പടയാളികൾക്ക് നേരെ കൈ കൊണ്ടാംഗ്യം കാണിച്ചു. പെട്ടെന്ന് ഏകലവ്യന്റെ നെഞ്ചിലേക്ക് തുരുതുരാ അസ്ത്രങ്ങൾ തുളഞ്ഞ് കയറിയിറങ്ങിക്കൊണ്ടിരുന്നു. ഏകലവ്യന്റെ വില്ലിൽ നിന്നും അമ്പുകൾ ലക്ഷ്യം തെറ്റി എങ്ങോട്ടേക്കോ പറന്നുപോയി. വില്ല് താഴെ വീണു. ഏകലവ്യന്റെ ശരീരം മുഴുവൻ ചുവന്ന നിറമായി. ഇലകളും വള്ളികളും ചുവന്നു. ഏകലവ്യൻ തറയിൽ വീണ് ഞരങ്ങി.

കൃഷ്ണൻ പടയാളികൾക്ക് നേരെ വീണ്ടും ആംഗ്യം കാണിച്ചു. അസ്ത്രമഴ തോർന്നു. ഒരു നിമിഷം അർജ്ജുനനും കൃഷ്ണനും ദ്രോണരും പരസ്പരം നോക്കി. അവർ വേഗം എണീച്ച് ഏകലവ്യന്റെ നേർക്ക് നടന്നു. ചുവന്ന് നനഞ്ഞ് കുതിർന്ന മണ്ണിൽ ഏകലവ്യൻ വേദന കടിച്ച് പിടിച്ച് കിടക്കുന്നു. മൂവരും ഏകലവ്യനെ നോക്കി. ഏകലവ്യൻ മൂവരെയും നോക്കി മുറിയുന്ന ശബ്ദത്തിൽ പറഞ്ഞു.

'ഈ മഹാഭാരതയുദ്ധം ഏതാനും ദിവസങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളു. പക്ഷെ ഞങ്ങളുടെ യുദ്ധം നിങ്ങൾ സഹസ്രാബ്ദങ്ങളോളം നേരിടേണ്ടി വരും.'

ദ്രോണർ അരിശത്തോടെ ഏകലവ്യന്റെ വലതു കൈയ്യിലേക്ക് നോക്കി. ആ കൈയ്യിൽ മരം കൊണ്ടുണ്ടാക്കിയ കൈയ്യുറ പോലത്തെ വസ്തു ധരിച്ചിരിക്കുന്നു. കൈയ്യുടെ പെരുവിരലിന്റെ സ്ഥാനത്ത് ആ മരക്കൈയ്യുറയിൽ നിന്ന് ഒരു ഭാഗം വിരൽ പോലെ വളഞ്ഞു തള്ളിയിരിക്കുന്നു. പെരുവിരൽ മാത്രമുള്ള, മരത്തിൽ കൊത്തിയെടുത്ത ഒരു കൈയ്യുറ.

'ഇതാണ് നിന്റെ അസ്ത്രവിദ്യാ വൈഭവത്തിന്റെ രഹസ്യം, അല്ലേ?' ദ്രോണർ ആ കൈയ്യുറയിലേക്ക് ചൂണ്ടി ഏകലവ്യനെ തുറിച്ച് നോക്കി.

ഏകലവ്യൻ പുഞ്ചിരിച്ചു.

'നീയിതെങ്ങനെ നിർമ്മിച്ചു? ആരാണീ വിദ്യ പഠിപ്പിച്ചത്?' ദ്രോണർ കനത്ത സ്വരത്തിൽ ചോദിച്ചു.

ഏകലവ്യൻ ഞരങ്ങിക്കൊണ്ട് പറഞ്ഞു, 'അങ്ങയുടെ ശില്പം നിർമ്മിച്ച അതേ മരത്തടിയിൽ നിന്നാണ് ഞാനിതും നിർമ്മിച്ചത് ഗുരുവേ.'

'എങ്കിലിതിനി ആർക്കും ലഭിക്കാതെ എവിടെയെങ്കിലും മറഞ്ഞു പോകട്ടെ.' എന്നു പറഞ്ഞ് ദ്രോണർ കുനിഞ്ഞ് ഏകലവ്യന്റെ വലതു കൈയ്യിൽ നിന്നും ആ മരയുറ ഊരിയെടുത്ത് ദൂരേക്ക് വലിച്ചെറിഞ്ഞു. അത് ആകാശത്തേക്കുയർന്ന് പറന്നു.

'ആചാര്യാ, താങ്കളെന്താണീ കാണിച്ചത്?' കൃഷ്ണൻ ദ്രോണരെ ആശങ്കയോടെ നോക്കി. ദ്രോണർ നെറ്റി ചുളിച്ചു.

'അത് എവിടെയെങ്കിലും ചെന്ന് വീഴും. അവിടെ നിന്ന് ഏതെങ്കിലും കാലത്ത്, ആർക്കെങ്കിലും അത് ലഭിക്കും.' കൃഷ്ണൻ പറഞ്ഞു. ദ്രോണരുടെ മുഖത്ത് ആശങ്ക തെളിഞ്ഞ് വന്നു. പൊടുന്നനെ അർജ്ജുനൻ ആകാശത്തേക്ക് ഒരു അസ്ത്രമയച്ചു.

'വിഡ്ഡീ... ' കൃഷ്ണൻ ആശങ്ക കലർന്ന അരിശത്തോടെ അർജ്ജുനനു നേർക്കലറി. അർജ്ജുനൻ പകച്ചു നിന്നു.

അർജ്ജുനൻ അയച്ച അസ്ത്രം വായുവിലൂടെ പറക്കുന്ന ആ മരയുറയിൽ പതിച്ചു. അഗ്നിസ്ഫുരണത്തോടെ അത് പൊട്ടിത്തെറിച്ചു. ഒരു നക്ഷത്ര സ്ഫോടനം പോലെ വെളിച്ചം വിതറിക്കൊണ്ട്, പല കഷ്ണങ്ങളായി കത്തി ജ്വലിച്ച് അത് പല ദിക്കുകളിലേക്ക് ചിതറിത്തെറിച്ച് പറന്നകന്നു. കുരുക്ഷേത്രത്തിൽ ഉണ്ടായിരുന്ന എല്ലാവരും ആകാശത്തെ തീവെളിച്ചം കണ്ട് പകച്ചു നിന്നു.

ഏകലവ്യൻ മൂവരെയും നോക്കി. എന്നിട്ട് കൃഷ്ണനോടായി പറഞ്ഞു, 'ധർമ്മ ധ്വംസനാർത്ഥായഃ സംഭവാമി യുഗേ യുഗേ.' ഏകലവ്യൻ ഒന്നു പുഞ്ചിരിച്ചിട്ട് അവസാനത്തെ ശ്വാസവും കൈവിട്ടു.

കുങ്കുമം കലക്കിയൊഴിച്ചത് പോലെയുള്ള ആ ശരീരം നോക്കി കൃഷ്ണനും ദ്രോണരും അർജ്ജുനനും നിന്നു.

കർണ്ണാടകത്തിന്റെ ഹൃദയം. തടാകക്കരയിലെ മണൽപ്പരപ്പിൽ ഏഴു വയസ്സുള്ള രണ്ടാൺകുട്ടികൾ എന്തോ പരതുകയായിരുന്നു.

'ഹുച്ചങ്കീ....' ഒരുവൻ മറ്റവനെ വിളിച്ചു.

ഹുച്ചങ്കി തിരിഞ്ഞുനോക്കി.

'ദാ ഇത് മതിയോ?' ആ കുട്ടി ഒരു ചെറിയ കഷ്ണം കല്ലുയർത്തിക്കാണിച്ച് ചോദിച്ചു.

ഹുച്ചങ്കി ആ കല്ലിലേക്ക് സൂക്ഷിച്ച് നോക്കിയിട്ട് അസംതൃപ്തിയോടെ പറഞ്ഞു, 'ഇത് തെളിയില്ലടാ...'

മറ്റേ കുട്ടി കല്ല് വലിച്ചെറിഞ്ഞു. അവർ തിരച്ചിൽ തുടർന്നു. അല്പം കഴിഞ്ഞപ്പോൾ മണലിൽ പരതുകയായിരുന്ന ഹുച്ചങ്കിയുടെ കൈയ്യിൽ എന്തോ തടഞ്ഞു. അവൻ അതെടുത്ത് നോക്കി. അവന്റെ കണ്ണുകൾ അത്ഭുതത്തോടെ വിടർന്നു.

'എടാ, ദാ ഇത് നോക്ക്.' അവൻ കൂട്ടുകാരനെ വിളിച്ചു.

കൂട്ടുകാരൻ ഓടിവന്ന് ഹുച്ചങ്കിയുടെ കൈയ്യിലുള്ള വസ്തുവിലേക്ക് കൗതുകത്തോടെ നോക്കി. അത് മരത്തിൽ കൊത്തിയെടുത്ത ഒരു പെരുവിരൽ ആയിരുന്നു. അതിന്റെ അഗ്രഭാഗവും മറ്റു പലയിടത്തും കത്തിക്കരിഞ്ഞതുപോലിരുന്നു.

'ഇത് മതിയാവും.' ഹുച്ചങ്കി കൂട്ടുകാരനെ നോക്കി പുഞ്ചിരിച്ചു.

'ഇത് കൊള്ളാലോ. നമുക്കിത് കൽബുർഗി മാമന് കാണിച്ച് കൊടുക്കാം.' കൂട്ടുകാരൻ പറഞ്ഞു.

'കാണിക്കാലോ.' ഇങ്ങനെ പറഞ്ഞ് ഹുച്ചങ്കി കുറച്ചപ്പുറത്തുള്ള ഒരു പരന്ന വെളുത്ത പാറക്കല്ലിനരികിലേക്കോടി. പിന്നാലെ കൂട്ടുകാരനും.

'ഇന്ന് ആ അമ്പലത്തിൽ,' ഹുച്ചങ്കി ദൂരേക്ക് വിരൽ ചൂണ്ടി പറഞ്ഞു, 'വിദ്യാരംഭത്തിന് കുട്ടികളെ എഴുത്തിനിരുത്തുകയാണ്.' എന്നിട്ട് ഹുച്ചങ്കി ആ മരവിരലിൽ നോക്കിപ്പറഞ്ഞു, 'നമുക്ക് അവിടെ കയറാൻ അനുവാദമില്ല.' അല്പം ആലോചിച്ച് നിന്നിട്ട് ഹുച്ചങ്കി തുടർന്നു. 'നമുക്ക് ഇവിടെ എഴുതിപ്പഠിക്കാം.' എന്നിട്ട് ഹുച്ചങ്കി ആ മരവിരലിന്റെ കരിഞ്ഞ അഗ്രം വെച്ച് വെളുത്ത പാറയിൽ എഴുതി.

'ഓം ഹരിഃ...........'

**ദിലീപ് ഗാന്ധിപുരം**
ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് അദ്ധ്യാപകൻ

## കവിത

### കാശ്...

എന്തിനും വേണം കാശ്
എപ്പോഴും വേണം കാശ്
ജനിക്കുമ്പോൾ കൊടുക്കണം വൈദ്യന് കാശ്
മരിക്കുമ്പോൾ കൊടുക്കണം പെട്ടിക്കു കാശ്
കാശിനായ് ഓടുന്ന നിങ്ങൾ
ജീവിക്കാൻ മറക്കരുതേ !

### ഹർത്താൽ..

എന്തിനും ഹർത്താൽ
എപ്പോഴു ഹർത്താൽ
തൊട്ടതിനും പിടിച്ചതിനും ഹർത്താൽ
ജനജീവിതം സ്തംഭിക്കുന്ന ഹർത്താൽ
ജീവനുകൾ പൊലിയുന്ന ഹർത്താൽ
വാഹനങ്ങൾ പൊളിക്കുന്ന ഹർത്താൽ
പ്രവർത്തകർ അഴിഞ്ഞാടുന്ന ഹർത്താൽ
ഈ നാടിനു നാശമീ ഹർത്താൽ

**നിവേദ് മാത്യു**
IX B, ടെക്നിക്കൽ ഹൈസ്ക്കൂൾ ബത്തേരി

ലേഖനം


# Discipline

Discipline comes from Latin word 'Disciplina'. Which means instructions. It is a process of controlling ones behaviour and action either through self motivation or through teaching and punishment. Self discipline means to order or code of behaviour and it leads to overcome ones own weakness. Self discipline has many benefits. It is vital for overdoing negative habits sticking to your decisions. It assists with skill development and is a mark of maturity. Th aim of class room management and discipline is controlling students action habits attitude and behaviour in the class room. However, discipline is very important in our society and in our life.

Biya Mariya Yohannan

X A Student

## കാർട്ടൂൺ


This thing "united" the family.
But this "divides" the family
12:
30PM
Slide to unlock
- Submitted by
Mebin Samu

**കവിത**

## ജീവിതം...

ആസ്വദിച്ചു ഞാൻ എൻ ജീവിതം
ആസ്വദിക്കുന്നു ഞാൻ എൻ ജീവിതം
ചെയ്തു ഞാൻ നല്ലതും ചീത്തയും
തിരുത്തി ഞാൻ അൽപമെങ്കിലും
ജനിച്ചു ഞാൻ ഒരു മനുഷ്യനായ്
ജീവിക്കുന്നു ഞാൻ ഒരു സഖാവായ്
മരിക്കും ഞാൻ ഒരു രക്തസാക്ഷിയായ്

## വിജയം

വിജയം പ്രതീക്ഷിക്കുംനേരം
വേട്ടയാടും തോൽവി നമ്മെ
തളരരുത് നാം
പരിശ്രമം തന്നെ വിജയമന്ത്രം
എപ്പോഴും ജയിക്കുക ഭാഗ്യം
ഇടയ്ക്കിടെ ജയിക്കുക ശ്രമഫലം
തോൽവികൾ വിജയത്തിൻ ചവിട്ടുപടികൾ
അതറിയണമെങ്കിൽ തോൽവികൾ
ഏറ്റുവാങ്ങുക നാം.

**എബിൻ വർഗ്ഗീസ്**
IX A, ടെക്നിക്കൽ ഹൈസ്ക്കൂൾ ബത്തേരി

**കാർട്ടൂൺ**

# പ്രളയം



**ഗോകുൽ കെ. ജി.**
ടെക്നിക്കൽ ഹൈസ്ക്കൂൾ ബത്തേരി

**ലേഖനം**

# ലഹരി ആപത്ത്

മദ്യത്തിന്റേയും മയക്കുമരുന്നിന്റെയും വിപത്തുകളെപ്പറ്റി ഏവർക്കുമറിയാമല്ലോ. ഒരിക്കലും ഈ ആപത്തിൽ പെട്ടുപോകരുതേ. ശരിയല്ലാത്ത കൂട്ടുകെട്ടുകളും ദുഃശ്ശീലങ്ങൾ വളർത്തുന്ന സാഹചര്യവും ഒഴിവാക്കണം. മദ്യവും മയക്കുമരുന്നും നിങ്ങളിലെ യഥാർത്ഥ വ്യക്തിത്വത്തെ ഇല്ലാതാക്കും. കഴിവുകളെ നശിപ്പിക്കും. സ്നേഹബന്ധങ്ങളും സാമൂഹിക ബന്ധങ്ങളും ഇല്ലാതാക്കും, മാതാപിതാക്കളും, ഉറ്റമിത്രങ്ങളും വെറുക്കും. സമൂഹം അകറ്റിനിർത്തുന്ന ഒരാൾക്ക് നാടിനുവേണ്ടി ഒന്നും ചെയ്യാനാവില്ല. മയക്കുമരുന്നിനെതിരെയുള്ള പ്രവർത്തനങ്ങളിൽ നാം മുന്നോട്ടിറങ്ങണം. ചുറ്റുമുള്ള ആരെങ്കിലും തെറ്റായ വഴിയിൽ സഞ്ചരിക്കുന്നുവെന്ന് അറിഞ്ഞാൽ ആ വിവരം മുതിർന്നവരോട് പറയായൻ മടിക്കരുത്. കാലിടറാതെ മുന്നോട്ട് നീങ്ങാം.




**ആൽവിൻ ജോസഫ്**
IX B,ടെക്നിക്കൽ ഹൈസ്ക്കൂൾ ബത്തേരി

# കാർട്ടൂൺ






**അതുൽ കെ. ബി.**

IX A,ടെക്നിക്കൽ ഹൈസ്ക്കൂൾ ബത്തേരി


# കാർട്ടൂൺ



**ഡെറിക്സൺ ജോൺസൺ**

VIII B,ടെക്നിക്കൽ ഹൈസ്ക്കൂൾ ബത്തേരി

# കാർട്ടൂൺ



**ആദർശ് ഗിരീഷ്**
ടെക്നിക്കൽ ഹൈസ്ക്കൂൾ ബത്തേരി



**വൈഷ്ണവ് എം. എസ്**
VIII B,ടെക്നിക്കൽ ഹൈസ്ക്കൂൾ ബത്തേരി

കവിത

# friendship

(a rare gift of god)

Friendship, the gift of god
The basis is true love
My friends my strength and support
Who knows my joy and sorrows
Friendship is a promise
Spoken only by the heart
Whether near or far apart
The love will never apart
The love will never depart
Friend, a word so small
Yet so large in motion
A word overflowing with true love
Friendship the gift of god
In the ocean of true love
A huge ship that never sinks
Yes it is the friendship
The rare gift of god

Biya Mariya Yohannan

X A Student

ലേഖനം

# Relationship between Man and Nature

Human life depend almost 45% of nature directly and indirectly. To obtain this we and our ancestors had exploited the nature. We depends nature for precious natural resources like air, water and soil. Man has to depend on nature for various objects such as medicine, shelter, clothing and necessities to survive. The relationship between nature and human can be beautiful or cruel. Than conserving, obtaining in unlimited quantity makes the relationship cruel. Humans have a beautiful relationship through food and food chain in nature. Organisms living in nature are interdependent such as animal depend on  plants and human depend on plants and animals. The flowing river and green lashes of grasses makes nature and our mind beautiful.

Mebin Samu

IX A Student

# സംസ്ഥാന ടെക്നിക്കൽ സ്ക്കൂൾ കലോത്സവത്തിൽ മിന്നുന്ന പ്രകടനവുമായി ടെക്നിക്കൽ ഹൈസ്ക്കൂൾ ബത്തേരി

വടകര ടെക്നിക്കൽ ഹൈസ്ക്കൂളിൽ വച്ച് നടന്ന നാൽപ്പത്തിയൊന്നാമത് അഖില കേരള സംസ്ഥാന ടെക്നിക്കൽ സ്ക്കൂൾ കലോത്സവത്തിൽ എൺപത്തിയാറ് പോയിന്റോടെ മികച്ച പ്രകടനം കാഴ്ച വച്ചു. പത്ത് എ ഗ്രേഡു, ഇരുപത് ബി ഗ്രേഡും, പതിനഞ്ച് സി ഗ്രേഡുകളുമാണ് വിദ്യാർത്ഥികൾ കരസ്ഥമാക്കിയത്. ശാസ്ത്രീയ സംഗീതത്തിന് വിഷ്ണു ഷിബു ഒന്നാം സ്ഥാനവും, നാടോടി നൃത്തത്തിന് അമൽ എം. ലാൽ രാം സ്ഥാനവും, ഇംഗ്ളീഷ് ഉപന്യാസരചനയ്ക്ക് ആശിഷ് വി എസ് രാം സ്ഥാനവും, കാർട്ടൂൺ രചനയ്ക്ക് വൈശാഖ് തീർത്ഥ് മൂന്നാം സ്ഥാനവും, ഇംഗ്ലീഷ് കഥാരചനയ്ക്ക് സൂരജ് വി.എം. മൂന്നാം സ്ഥാനവും





വിഷ്ണ ഷിബു



അമൽ.എം.ലാൽ



ആശിഷ്.വി.എസ്



സൂരജ്.വി.എം



വൈശാഖ് തീർഥ്

## അതിവേഗം ബഹുദൂരം....

സംസ്ഥാന ടെക്നിക്കൽ കായികമേളയിലെ നിലവിലുള്ള ചാമ്പ്യൻമാരായ ടെക്നിക്കൽ ഹൈസ്ക്കൂൾ സുൽത്താൻബത്തേരിയിലെ ഈ വർഷത്തെ കായികമേളയുടെ ദൃശ്യവും, ചാമ്പ്യൻമാരായവർക്കുള്ള സമ്മാനവിതരണവും








## പ്രളയാനന്തരം....

കേരളത്തെ നടുക്കിയ പ്രളയ ദുരിതത്തിനുശേഷം സ്ക്കൂൾ പരിസരം വിദ്യാർത്ഥികൾ ശുചീകരിക്കുകയും, പ്രളയത്തിൽ നോട്ടുപുസ്തകം നഷ്ടമായവർക്ക് അതുവരെ പഠിപ്പിച്ച പാഠഭാഗങ്ങളുടെ നോട്ടുകൾ തയ്യാറാക്കി വിതരണം ചെയ്യുകയും ചെയ്തു മറ്റ് സ്ക്കൂളുകൾക്ക് മാതൃകയാവുകയും ചെയ്ത ടെക്നിക്കൽ ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾ















**കരുതൽ...**

രക്ഷകർതൃ സമിതി യോഗവും, കുട്ടികൾക്കായുള്ള കൗൺസിലിംഗും





**ഹരിത വിപ്ലവം...**

സ്ക്കൂൾ അഗ്രോ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ കൃഷി നിർമ്മിച്ച പച്ചക്കറിത്തോട്ടം



**ശ്രീകുമാർ വി**
കൈറ്റ് മാസ്റ്റർ



**ബിജി വർഗ്ഗീസ്**
കൈറ്റ് മിസ്ട്രസ്സ്



**ടെക്നിക്കൽ ഹൈസ്ക്കൂൾ സുൽത്താൻബത്തേരി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് യൂണിറ്റ്**




കേരള സർക്കാർ
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഗവ: ടെക്നിക്കൽ ഹൈസ്ക്കൂൾ സുൽത്താൻബത്തേരി
മൈസൂർ റോഡ്, സുൽത്താൻബത്തേരി, വയനാട് ജില്ല.
Phone : 04936 220147, Email: thssulthanbathery@gmail.com